പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2331 | 18.06.2014- ലെ മറുപടിക്ക് |
| --- | --- |

## ഗുഡ്ക, പാൻമസാല നിരോധനം

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | ശ്രീ. കെ. മുരളീധരൻ<br>" കെ. ശിവദാസൻ നായർ<br>" പി. സി. വിഷ്ണുനാഥ്<br>" എം. എ. വാഹിദ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കാൻസറിന് കാരണമായേക്കാവുന്ന ഗുഡ്ക, പാൻമസാല എന്നിവ നിരോധിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 22.05.12 ലെ എ/1327/12ാം നമ്പർ ഉത്തരവ് പ്രകാരം പുകയിലയും നിക്കോട്ടിനും അടങ്ങിയ പാൻമസാല, ഗുഡ്ക തുടങ്ങിയവയുടെ ഉൽപാദനവും, വിതരണവും, വിൽപനയും സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | അത്തരം ഉൽപ്പനങ്ങളുടെ വിൽപനയും,വിതരണവും,ഉപഭോഗവും സംസ്ഥാനത്ത് നിന്ന് പൂർണ്ണമായി ഇല്ലാതാക്കുക എന്ന ഉദ്ദേശം മുൻനിർത്തിയാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെങ്കിലും, പോലീസ്, എക്സൈസ്, വിൽപ്പനനികുതി, ആരോഗ്യം, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകൾ ടി നിരോധനം കർശനമായി നടപ്പിലാക്കുവാൻ വേണ്ട പ്രവർത്തനത്തിൽ സഹകരിക്കുന്നുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാം; വ്യക്തമാക്കാമോ? | ഡി) | ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഇത്തരം ഉൽപന്നങ്ങളുടെ വരവ് നിരീക്ഷിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പും വിൽപ്പന നികുതി വകുപ്പും നിതാന്ത ജാഗ്രത പാലിക്കുന്നുണ്ട് എന്നാൽ ട്രെയിൻ, അന്തർസംസ്ഥാന ലക്ഷ്വറി ബസ്സുകൾ, പാഴ്സൽ സർവ്വീസ്, കൊറിയർ എന്നിവകളിൽ കൂടി ഇത്തരം ഉൽപന്നങ്ങൾ കൊണ്ടുവരുന്നുണ്ട് എന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ വകുപ്പും പോലീസും അത്തരം ഉൽപന്നങ്ങൾ എത്തിചേരുവാൻ സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിൽ പരിശോധന നടത്തി കണ്ടെത്തുന്ന നിരോധിത ഉൽപന്നങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**